**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1476** **11-09-2023 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് ജി.എഫ്.എൽ.പി.എസ് സ്കൂൾ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തീരദേശ പ്രദേശത്ത് പ്രവർത്തിക്കുന്ന ജി.എഫ്.എൽ.പി.എസ് സ്കൂളിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ അടക്കമുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്താൻ ഫൈസൽ ഫൌണ്ടേഷൻ സമർപ്പിച്ച പ്രപ്പോസലിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | **പ്രസ്തുത പ്രൊപ്പോസലിൽ നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (ബി) | പ്രസ്തുത പ്രപ്പോസലിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്റുടെ കാര്യാലയത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ (ഫയൽ നമ്പർ അടക്കമുള്ള) വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | **വിശദമായ റിപ്പോർട്ട് നൽകുവാൻ പരപ്പനങ്ങാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയി ട്ടുണ്ട്.പി.എൽ(1)/13086/ഡി.ജി.ഇ/2023 എന്ന ഫയലിലാണ് പ്രസ്തുത വിഷയം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ കൈകാര്യം ചെയ്യുന്നത്.** |
| (സി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിക്ക് ആവശ്യമായ അനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പരപ്പനങ്ങാടി എ.ഇ.ഒ യുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ